**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3337** **01-03-2023 - ൽ മറുപടിയ്ക്ക്**

**എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. പി. ടി. എ. റഹീം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി പ്രത്യേക മിഷന് രൂപം കൊടുത്തിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | അർഹരും ഭൂരഹിതരുമായ എല്ലാവർക്കും ഭൂമി ലഭ്യമാക്കുക എന്ന ലക്ഷ്യം വേഗതയിൽ പ്രാവർത്തികമാക്കാൻ ഒരു പട്ടയമിഷന് സർക്കാർ രൂപം നൽകുകയാണ്. മലയോര- ആദിവാസി ഭൂമികളുടെ വിതരണം വേഗതയിലാക്കാൻ ഒരു സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീഡ്യർ തയ്യാറാക്കിയിട്ടുണ്ട്. പട്ടയ അപേക്ഷകളും പട്ടയം നൽകാനുള്ള തടസ്സങ്ങളും രേഖപ്പെടുത്താൻ ഒരു പട്ടയ ഡാഷ് ബോർഡ് ഇതിനകം നിലവിൽ വന്നിട്ടുണ്ട്. ഇതു വിപുലീകരിക്കാൻ നിയോജക മണ്ഡലം അടിസ്ഥാനത്തിൽ എം.എൽ.എ. മാരുടെ സാന്നിധ്യത്തിൽ ജനപ്രതിനിധികളുടെ യോഗം ചേരുന്നതാണ്. എല്ലാ മണ്ഡലത്തിലും ഇതിനായി ഉയർന്ന റവന്യൂ ഉദ്യോഗസ്ഥർക്ക് പ്രത്യേക ചുമതല നൽകുന്നതാണ്. ഇതിൽ വരുന്ന പട്ടയ പ്രശ്നങ്ങൾക്ക് തടസ്സങ്ങൾ പരിഹരിക്കാൻ പ്രത്യേകമായ നടപടികൾ ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ ഒരുക്കിയിട്ടുണ്ട്. ലാന്റ് ട്രിബ്യൂണലിൽ നിലനിൽക്കുന്ന കേസുകൾ വേഗതയിൽ വിചാരണ നടത്തി ഫയൽ തീർപ്പാക്കാൻ ടാർജറ്റ് നൽകി പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിനായി ലാന്റ് ബോർഡിന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകി വരുന്നുണ്ട്. താലൂക്ക് ലാന്റ് ബോർഡിലെ കേസുകൾ തീർപ്പാക്കാൻ നാല് മേഖലകളാക്കി തിരിച്ച് പ്രത്യേക ഡെപ്യൂട്ടി കളക്ടർമാർക്ക് ചുമതല നൽകാനുള്ള തയ്യാറെടുപ്പിലാണ്. പട്ടയ വിതരണത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ വനം-വൈദ്യുതി-ജലവിഭവം - തദ്ദേശം - പൊതുമരാമത്ത് വകുപ്പുമായി പ്രത്യേകമായ ചർച്ചകൾ നടത്തി വരികയാണ്. ആദിവാസി പട്ടയങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ |

| | | | |
|---|---|---|---|
| | | | പട്ടികജാതി/വർഗ്ഗ വകുപ്പുമായും ചർച്ചകൾ നടന്നു വരുന്നു. ഇത്തരത്തിൽ വിവിധങ്ങളായ പരിപാടികൾ ഉൾപ്പെടുത്തിയാണ് പട്ടയമിഷൻ നടപ്പിലാക്കാൻ പോകുന്നത്. ഇതിനായി സംസ്ഥാന തലത്തിൽ ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും ജില്ലാ തലത്തിൽ കളക്ടറേറ്റിലും, താലൂക്ക് തലത്തിലും, പ്രത്യേക സെല്ലുകൾ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിക്കായി 2023 ലെ ബജറ്റിൽ 2 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റെടുത്ത് ആദ്യ ഒരു വർഷ കാലയളവിനുള്ളിൽ 54535 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചുള്ള നൂറു ദിന കർമ്മ പദ്ധതിയുടെ ഭാഗമായി 40000 പട്ടയങ്ങളെങ്കിലും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്തെ മേഖലകളാക്കി തിരിച്ച് ഓരോ പ്രദേശത്തിന്റെയും പട്ടയം സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പദ്ധതിയുണ്ടോ; ഇതിനായി പ്രത്യേക ഡാഷ് ബോർഡ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | നിയമപ്രകാരം പട്ടയം നൽകുന്നതിനു തടസങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാന തലത്തിൽ ക്രോഡീകരിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടലിന്റെ ( പട്ടയം ഡാഷ്ബോർഡ് ) പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ പ്രശ്നങ്ങൾ സംസ്ഥാനതലത്തിൽ പരിശോധിച്ച ശേഷം പരിഹരിക്കാവുന്നവ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്കു ലാൻഡ് റവന്യൂ കമ്മീഷണർ നൽകുകയും സർക്കാർ ഉത്തരവുകളുടെയോ അല്ലെങ്കിൽ ചട്ട ഭേദഗതികളിലൂടെയോ പരിഹരിക്കേണ്ടവയിൽ സർക്കാർ തലത്തിലും നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | ലാൻഡ് ട്രിബ്യൂണലുകളിൽ തീർപ്പാകാത്ത അപേക്ഷകൾ എന്നത്തേക്ക് തീർപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | ലാൻഡ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസുകളെല്ലാം തീർപ്പാക്കുന്നതിനും ട്രിബ്യൂണലുകളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും പ്രത്യേക കർമ്മ പദ്ധതി സ്റ്റേറ്റ് ലാൻഡ് ബോർഡ് ആരംഭിച്ചിട്ടുണ്ട്. ഈ കർമ്മ പരിപാടിയിൽ ഇനിയും 1,05,825 കേസുകൾ തീർപ്പാക്കാനായി ശേഷിക്കുന്നതിൽ 60,000 കേസുകൾ തീർപ്പാക്കി പട്ടയം നൽകുന്നതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കി അതിൻപ്രകാരം നടപടി സ്വീകരിച്ചു വരുന്നു. ഈ കർമ്മ പദ്ധതിയിലൂടെ 2022 നവംബർ 1 മുതൽ 2023 മാർച്ച് 30 നകം ലാൻഡ് ട്രൈബ്യൂണലുകളിൽ തീർപ്പാക്കേണ്ട പൂർത്തീകരിക്കേണ്ട ലക്ഷ്യവും അതിന് അനുവർത്തിക്കേണ്ട സമയക്രമവും മാർഗരേഖകളും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ